ക്രോസ് ബ്രീഡിംഗ് വഴി ശുദ്ധ മൊബിലിയാർഡിന്റെ ഒരു കൂട്ടത്തെ കോലാഹലമേട്, മാട്ടുപ്പെട്ടി ഫാമുകളിൽ നിറുത്തി അവയുടെ പ്രകടനം വിലയിരുത്തി അനുയോജ്യമായ കാലാവസ്ഥയുള്ള ഇടങ്ങളിൽ അവയെ വ്യാപിപ്പിച്ച് പാലുൽപ്പാദനം വർദ്ധിപ്പിക്കാനാകുമോ എന്ന് പരീക്ഷിക്കുന്നതാണ്.

കന്നുകാലിഭ്രൂണവും ബീജവും ഇറക്കുമതിചെയ്ത് പുതിയ സങ്കര വർഗ്ഗത്തെ വികസിപ്പിച്ചെടുക്കുന്ന പദ്ധതി

92 (4443) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാൽക്ഷാമം പരിഹരിക്കാൻ ഫ്രാൻസിൽ നിന്ന് കന്നുകാലി ഭ്രൂണവും ബീജവും ഇറക്കുമതി ചെയ്ത് പുതിയ സങ്കര വർഗ്ഗത്തെ വികസിപ്പിച്ചെടുക്കുന്ന പദ്ധതി പരിഗണനയിലുണ്ടോ ;

(ബി) ഇതിനായി ഫ്രാൻസിലെ സഹകരണ സ്ഥാപനവുമായി ധാരണാ പത്രം ഒപ്പുവെയ്ക്കുകയുണ്ടായോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) എന്നാൽ വേണ്ടത്ര പഠനം നടത്താതെയാണ് സർക്കാർ ധാരണാപത്രം ഒപ്പുവച്ചതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മുമ്പ് ഇത്തരത്തിൽ ഇസ്രായേലിൽ നിന്ന് കാളകളെ ഇറക്കുമതി ചെയ്യാൻ ഉദ്ദേശിച്ച പദ്ധതി നടപ്പാക്കാതെ പോയതിന്റെ കാരണമെന്തായിരുന്നു ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫ്രാൻസിലെ സഹകരണ സ്ഥാപനവുമായി ഒപ്പുവച്ച ധാരണാ പത്രത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) വിശദമായ പഠനത്തിനു കൂടിയാണ് ധാരണാപത്രം ഒപ്പുവച്ചിട്ടുള്ളത്.

(ഡി) വിത്തുകാളകളെ ഇറക്കുമതി ചെയ്യാൻ ഗ്ലോബൽ ടെൻഡർ വിളിച്ചുവെങ്കിലും, നിലവിലുള്ള നിബന്ധനകളനുസരിച്ചു ഒരു ഏജൻസിക്കും ഇൻഡ്യയിലേയ്ക്ക് വിത്തുകാളകളെ നൽകാനായില്ല, എന്നതിനാൽ ആരും തന്നെ പ്രസ്തുത ടെൻഡറിൽ പങ്കെടുത്തില്ല.

പാൽവില നിശ്ചയിക്കുന്നതിനും, വർദ്ധിപ്പിക്കുന്നതിനുമുള്ള മാനദണ്ഡം

93 (4444) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു ലിറ്റർ പാലുൽപ്പാദനത്തിന് എന്ത് തുക ചെലവ് വരും എന്ന് പഠനം നടത്തിയിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly